## *തിരുവനന്തപുരത്ത് ഹോർട്ടികോർപ്പിൽ കുടുംബശ്രീ ഉത്പന്നങ്ങൾ*

---

വനിതാ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമാണ് കുടുംബശ്രീ. ഇതോടൊപ്പം സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും സാമൂഹ്യ ശാക്തീകരണവും കുടുംബശ്രീയുടെ ലക്ഷ്യങ്ങളാണ്. ഇതിൽ സാമ്പത്തിക ശാക്തീകരണത്തിന് കുടുംബശ്രീ പ്രധാനമായും ആശ്രയിക്കുന്നത് സൂക്ഷ്മ സംരംഭങ്ങളെയാണ്. നിലവിൽ കേരളത്തിലാകെ 15000ത്തോളം സൂക്ഷ്മ സംരംഭങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിലുള്ളത്. ഉത്പാദന, സേവന, വ്യവസായ മേഖലകളിലാണ് ഈ സംരംഭങ്ങൾ പ്രവർത്തിക്കുന്നത്. കുടുംബശ്രീയിൽ അംഗങ്ങളായ എല്ലാവരെയും സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിൽ തുടങ്ങി സാമ്പത്തിക സഹായവും നൈപുണ്യ പരിശീലനവും മാർക്കറ്റിങ്ങിനുള്ള പിന്തുണയുമടക്കം എല്ലാവിധ സഹായങ്ങളും കുടുംബശ്രീ ചെയ്ത് നൽകുന്നു.

ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി ഉത്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിലാണ്. മാസ, ആഴ്ച, നാട്ടു ചന്തകൾ വഴിയും കേരളത്തിനും പുറത്തും നടക്കുന്ന വിവിധ ട്രേഡ് ഫെയറുകൾ വഴിയും വിവിധ ഫുഡ് ഫെസ്റ്റിവലുകൾ, ഹോം ഷോപ്പ്, കുടുംബശ്രീ ബസാർ ഏറ്റവും പുതുതായി ആരംഭിച്ച ഇ-കൊമേഴ്സ് പോർട്ടൽ എന്നിവ വഴിയും ഈ ഉത്പന്നങ്ങൾക്ക് കുടുംബശ്രീ വിപണി കണ്ടെത്തുന്നു. സംസ്ഥാന ഹോർട്ടികോർപ്പ് (കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രൊഡക്ടസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) ഔട്ട്ലെറ്റുകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾക്കായി മാത്രം ഒരിടം കണ്ടെത്തി നൽകി തിരുവനന്തപുരം ജില്ല മാർക്കറ്റിങ് വിഭാഗത്തിൽ ശ്രദ്ധേയമായ പ്രത്യേക ഇടപെടൽ നടത്തി. ആ മാതൃക പിന്തുടർന്ന് സംസ്ഥാനമൊട്ടാകെയുള്ള ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾ വഴി കുടുംബ ശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ധാരണാപത്രത്തിൽ കുടുംബശ്രീയും ഹോർട്ടികോർപ്പും ഒപ്പുവച്ചു.

## ***ആശയരൂപീകരണം***

ഓണത്തോട് അനുബന്ധിച്ച് കുടുംബശ്രീ വനിതകളുടെ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തണമെന്ന് ചിന്തയിൽ നിന്നാണ് ഇങ്ങനെയൊരു ആശയം രൂപ പ്പെടുന്നത്. ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ വിൽപ്പ നയ്ക്കായി വച്ചാൽ അത് വിജയകരമാകുമെന്നും ജില്ലാ മിഷന് ഉറപ്പായിരുന്നു. ഇങ്ങനെയൊരു ആശയം ഉയർന്നുവന്ന ഉടൻ തന്നെ അത് പ്രാവർത്തികമാക്കാനുള്ള നടപടികളുമായി ജില്ലാ ടീം മുന്നോട്ടുപോകുകയായിരുന്നു. 2017 ഓഗസ്റ്റ് അവസാനത്തോടെയാണ് ഈ ആശയം രൂപപ്പെട്ടത്

## ***പ്രാരംഭ പ്രവർത്തനങ്ങൾ***

- ഹോർട്ടി കോർപ്പ് എംഡിയുമായി ചർച്ച നടത്തുകയായിരുന്നു ആദ്യ പടി. ജില്ലാ മിഷൻ എഡിഎംസി ഉൾപ്പെടെയുള്ള ടീമാണ് ചർച്ച നടത്തിയത്. ഓണത്തോട് അനുബന്ധിച്ച് മൂന്ന് ദിവസം പഴവങ്ങാടിയിലെ ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിൽ കുടുംബശ്രീ ഉത്പ ന്നങ്ങൾ വയ്ക്കാമെന്ന ധാരണ ചർച്ചയിലൂടെയുണ്ടായി.

- ഉത്പന്നങ്ങൾ തെരഞ്ഞെടുക്കുകയായിരുന്നു അടുത്ത ഘട്ടം. ഓണത്തോട് അനുബന്ധിച്ച് മാഞ്ഞാനിക്കുളത്ത് ഐആർഡിപിയുടെയും ജില്ലാ ഫെയറും നടക്കുകയായിരുന്നു. അവിടെ തന്നെ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള കുടുംബശ്രീ സംരംഭകർ ഉത്പന്നങ്ങൾ വിൽക്കാൻ എത്തിയിരുന്നു. അവരിൽ നിന്ന് ഉത്പന്നങ്ങൾ എടുത്ത് ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിൽ വയ്ക്കാൻ തീരുമാനമായി.

- അവരിൽ നിന്ന് തന്നെ ഉത്പന്നങ്ങളെുത്ത് ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിലുള്ള റാക്കിലേക്ക് മാറ്റി. കൂടുതലായും ഫുഡ് പ്രൊഡക്ടുകളായിരുന്നു വിൽപ്പനയ്ക്ക് എത്തിച്ചത്.

***പവർത്തനം***

രാവിലെ പത്ത് മുതൽ രാത്രി 9 വരെയായിരുന്നു ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിന്റെ പ്രവർത്തന സമയം. റാക്കിൽ സാധനങ്ങൾ വച്ചെങ്കിലും പ്രവർത്തനത്തിന് പ്രശ്നങ്ങൾ നേരിട്ടു. ബില്ലിങ് മെഷീനിൽ കുടുംബശ്രീ ഉത്പന്നങ്ങളും വിലയുമൊന്നും ഉൾപ്പെടുത്താത്തതിനെത്തുടർന്ന് ഉപഭോക്താക്കൾക്ക് ഏറെ ബുദ്ധിമുട്ടുകളുണ്ടായി. ബിൽ ചെയ്യാനെത്തുമ്പോൾ കുടുംബശ്രീ ഉത്പന്നങ്ങളുടെ വില പ്രത്യേകം കൂട്ടി നൽകേണ്ടതായി വന്നു. ഇതേത്തുടർന്ന് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാരിൽ (എംഇസി) ഒരാളെ ഇവിടെ പ്രത്യേകം ചുമതല ഏൽപ്പിക്കേണ്ടി വന്നു. ഐആർഡിപി മേളയ്ക്ക് ഡ്യൂട്ടിയുണ്ടായിരുന്ന ഒരാളെയാണ് ഈ ചുമതല ഏൽപ്പിച്ചത്. മൂന്ന് ദിവസം കൊണ്ട് ഇവിടെ 15000രൂപയുടെ വിറ്റുവരവുണ്ടായി. ശേഷിച്ച ഉത്പന്നങ്ങൾ തിരികെ കൊണ്ടുവന്നു. മികച്ച വിറ്റുവരവുണ്ടായതിനാൽ തന്നെ പദ്ധതി സംസ്ഥാന മിഷന്റെ ശ്രദ്ധയാകർഷിച്ചു.

***സംസ്ഥാന തലത്തിലും***

തിരുവനന്തപുരം ജില്ലയുടെ ഈ പ്രവർത്തനത്തിന്റെ ചുവടുപിടിച്ച് ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾ വഴി കുടുംബശ്രീ ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള പദ്ധതി സംസ്ഥാന മിഷൻ ഏറ്റെടുത്തു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ, കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽ കുമാർ എന്നിവരുടെ സാന്നിധ്യത്തിൽ ഫെബ്രുവരി അഞ്ചിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറും ഹോർട്ടി കോർപ്പ് മാനേജിങ് ഡയറക്ടർ ബാബു തോമസും ധാരണാപത്രത്തിൽ ഒപ്പുവച്ചു. അങ്ങനെ കേരളമെമ്പാടുമുള്ള ഹോർട്ടികോർപ്പിന്റെ 93 ഔട്ട്ലെറ്റുകൾ വഴി കുടുംബ ശ്രീ വനിതകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റു തുടങ്ങും. ഉത്പന്നങ്ങൾ സ്ഥിരമായി ഔട്ട്ലെറ്റുകളിൽ എത്തിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും മൈക്രോ എന്റർപ്രൈസ് കൺഗറ്റട്ടന്റുമാരുടെ സേവനവും ഉപയോഗപ്പെടുത്തും.

***നിലവിലെ പ്രവർത്തനം***

ഇപ്പോൾ പഴവങ്ങാടിയിലെ ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിന് പുറമെ പാളയത്തുള്ള ഔട്ട് ലെറ്റിലും കുടുംബശ്രീ ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നു. ഉത്പന്നങ്ങളുടെ വ്യക്തമാ യ വിവരങ്ങളും വിലയുമെല്ലാം ബില്ലിങ് മെഷീനിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു.

***തിരുവനന്തപുരം ജില്ലയിലെ മൂന്ന് യൂണിറ്റുകളിൽ നിന്നുള്ള 40 ഇനം ഉത്പന്ന ങ്ങളാണ് ഇപ്പോൾ വിൽക്കുന്നത്.*** എല്ലാ ഉത്പന്നങ്ങളും ഡിസ്കൗണ്ട് റേറ്റിലാണ് വിൽക്കുന്നത്.

| ***യൂണിറ്റ്*** | ***ഉത്പന്നം*** | ***വില*** | ***ഡിസ്കൗണ്ട് വില*** |
|---|---|---|---|
| ***ജയ ഫുഡ് പ്രൊഡക്ടസ്*** | പൈനാപ്പിൾ സ്ക്വാഷ് | 100 | 90 |
| | ഓറഞ്ച് സ്ക്വാഷ് | 100 | 90 |
| | നറുനീണ്ടി സ്ക്വാഷ് | 100 | 90 |
| | ലെമൺ ജിഞ്ചർ സ്ക്വാഷ് | 100 | 90 |
| | ഗ്രേപ്പ് സ്ക്വാഷ് | 100 | 90 |
| | കണ്ണിമാങ്ങ അച്ചാർ | 50 | 45 |
| | വെളുത്തുള്ളി അച്ചാർ | 45 | 41 |
| | മാങ്ങ അച്ചാർ | 35 | 32 |
| | നാരത്തിങ്കായ് അച്ചാർ | 30 | 27 |
| | അടമാങ്ങ അച്ചങ്കത്ത | 30 | 27 |
| | കോൺ ഫ്ളോർ | 50 | 45 |
| | റാഗി | 50 | 45 |
| | ഫ്രൈഡ് റൈസ് പൗഡർ | 45 | 41 |
| | ചമ്പ പച്ചരി പൗഡർ | 50 | 45 |
| ***സ്പൈസർ*** | റോസ്റ്റഡ് കോക്കനട്ട് | 75 | 60 |
| | തീയൽ മിക്സ് | 45 | 36 |
| | പ്രോൺസ് ചട്നി | 32 | 26 |
| | അവലോസ് പൊടി | 35 | 28 |
| | ജിഞ്ചർ കറി പൗഡർ | 40 | 32 |
| | ബ്ലാക്ക് ഗ്രാം ചട്നി | 30 | 24 |
| | കോക്കനട്ട് ചട്നി പൗഡർ | 45 | 36 |

| | | | |
|---|---|---|---|
| ***യൂണിറ്റ്*** | ***ഉത്പന്നം*** | ***വില*** | ***ഡിസ്കൗണ്ട് വില*** |
| ***ഐശ്വര്യ കുടുംബശ്രീ*** | ബ്രഹ്മി ജാം | 30 | 26 |
| | ബ്രഹ്മി ഓയിൽ | 80 | 68 |
| | ബ്രഹ്മി സിറപ്പ് | 80 | 68 |
| | ബ്രഹ്മി ഫുഡ് | 100 | 85 |
| | അംല ജാം | 30 | 26 |
| | ഫേസ് പാക്ക് | 50 | 43 |
| | താളിപ്പൊടി | 25 | 22 |
| | ബാത്ത് പൗഡർ | 25 | 22 |
| | അമല പൗഡർ | 30 | 26 |
| | റെഡ്സാൻഡർ പൗഡർ | 50 | 43 |
| | കസ്തൂരി ടർമറിക് പൗഡർ | 30 | 26 |
| | രാമച്ചം ദാഹശമനി | 25 | 22 |
| | രാമച്ചം ബാത് സ്ക്രബ്ബർ | 15 | 13 |
| | ഇഞ്ച | 20 | 17 |
| | രാമച്ച ചൂർണ്ണം | 20 | 17 |
| | ആതിര ഹെയർടോൺ | 80 | 68 |
| | അലോവേര മസാജ് ഓയിൽ | 100 | 85 |